(ബി) ബസ്സുകളുടെ കുറവു കാരണം സർവ്വീസുകൾ റദ്ദാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ ആവശ്യമായ കൂടുതൽ ബസ്സുകൾ അനുവദിക്കുമോ ;

(സി) പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുവാൻ എത്ര ഡ്രൈവർമാർ ആവശ്യമുണ്ട് ; നിലവിൽ എത്ര പേരുണ്ട് ; അടിയന്തരമായി കുറവ് പരിഹരിക്കുമോ ?

ഉത്തരം

(എ) മല്ലപ്പള്ളി സബ് ഡിപ്പോയിൽ നിലവിൽ 32 ഷെഡ്യൂളുകളും അവ നടത്തുന്നതിന് 33 ബസ്സുകളുമുണ്ട്.

(ബി) ബസ്സുകളുടെ കുറവുമൂലം സർവ്വീസുകൾ റദ്ദാക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യമായ ബസ്സുകൾ അനുവദിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) 30-4-2010-ലെ കണക്കുകൾ പ്രകാരം മല്ലപ്പള്ളി സബ് ഡിപ്പോയിൽ 74 സ്ഥിരം ഡ്രൈവർമാരും, 9 എംപാനൽ ഡ്രൈവർമാരും, റോളിലുണ്ടെങ്കിലും ആകെ 74 ജീവനക്കാരുടെ സേവനം മാത്രമാണ് ഫലപ്രദമായി ലഭ്യമാകുന്നത്. ഈ സബ് ഡിപ്പോയിലെ മുഴുവൻ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് 14 ഡ്രൈവർമാർ കൂടി ആവശ്യമുണ്ട്. പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഡ്രൈവർമാരെ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കുറവ് പരിഹരിക്കുന്നതാണ്.

വടകര കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

160 (5380) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ എത്ര ബസ്സുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വടകര സെന്ററിന് നിലവിൽ എത്ര പുതിയ ബസ്സുകൾ ഉണ്ടെന്നും എത്ര പഴയ ബസ്സുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര ബസ്സുകൾ സർവ്വീസിന് അനുയോജ്യമല്ലാത്തവയായിട്ടുണ്ട് ; സ്പെയർ പാർട്ടുകൾ കൃത്യസമയത്ത് തന്നെ എത്താറുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള സർവ്വീസുകൾ നടത്തുവാൻ എത്ര പുതിയ ബസ്സുകൾ വേണമെന്നും ഏറ്റവും ലാഭകരമായത് ഏത് സർവ്വീസാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുവാൻ 18 ബസ്സുകൾ സജ്ജമാക്കിയിട്ടുണ്ട്.

(ബി) 9 വീതം പുതിയ ബസ്സുകളും, പഴയ ബസ്സുകളും വടകര ഓപ്പറേറ്റിംഗ് സെന്ററിന് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ ബസ്സുകളും സർവ്വീസിന് അനുയോജ്യമായവയാണ്. സ്പെയർപാർട്ടുകൾ കൃത്യ സമയത്ത് എത്താറുണ്ട്.

(ഡി) നിലവിലുള്ള ഷെഡ്യൂളുകൾ പൂർണ്ണമായും നടത്തുവാൻ ആവശ്യമായ ബസ്സുകൾ വടകര ഡിപ്പോയിൽ നൽകിയിട്ടുണ്ട്. വടകര യൂണിറ്റിൽ 6/2010-ലെ കണക്ക് പ്രകാരം ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് രാവിലെ 6.50 മണി വടകര-പാറക്കടവ് സർവ്വീസിനാണ്.

കോഴിക്കോട് മാവൂർ റോഡ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

161 (5381) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ റോഡ് കെ.എസ്.ആർ.ടി.സി.ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ എന്നാണ് ആരംഭിച്ചത് ;

(ബി) പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ; പ്രസ്തുത പണി സംബന്ധമായ കരാറിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പണി പൂർത്തിയാകുമ്പോൾ എന്ത് തുക ചെലവാകുമെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിർമ്മാണം പൂർത്തിയായാൽ കെ.എസ്.ആർ.ടി.സി.ക്ക് എത്ര വരുമാനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) കടകളുടെ ഡെപ്പോസിറ്റ് ഇനത്തിൽ കെ.എസ്.ആർ.ടി.സി. എന്ത് തുക വരുമാനം പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബി. ഒ. ടി. അടിസ്ഥാനത്തിൽ കെ. ടി. ഡി. എഫ്. സി. മുഖാന്തിരമാണ് നടത്തുന്നത്. നിർമ്മാണ പ്രവർത്തനത്തിനുള്ള സ്ഥലം കരാറുകാരന് ഭാഗികമായി കൈമാറി കൊണ്ട് 27-3-2009-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. നിലവിലുണ്ടായിരുന്ന പ്രധാന കെട്ടിടം പൊളിച്ചുമാറ്റുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി 2-9-2009-ൽ ലഭിച്ച പ്രകാരം കെട്ടിടം പൊളിച്ചു മാറ്റി 22-2-2010-ന് മുതൽ സ്ഥലം പൂർണ്ണമായും കരാറുകാരന് കൈമാറി, പൂർണ്ണതോതിൽ നിർമ്മാണ പ്രവർത്തനം തുടരുന്നു.

(ബി) കെ. വി. ജോസഫ് & സൺസ്, ഇടപ്പള്ളി, എറണാകുളം എന്ന കമ്പനിയാണ് സിവിൽ ജോലികളുടെ നിർമ്മാണം നിർവ്വഹിക്കുന്നത്. ഇലക്ട്രിക്കലും മറ്റ് അനുബന്ധ ജോലികളുടെയും കരാർ നൽകിയിരിക്കുന്നത് ഹാരിസൺ മലയാളം ലിമിറ്റഡ്, എറണാകുളം എന്ന കമ്പനിക്കാണ്. ആകെ പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly